Action taken against the Forest officials of Aralam Forest Range

504 [911] **Dr. A. Subha Rao:** Will the Minister for Forests be pleased to state:

(a) Whether any action has been taken against the forest officials in Aralam Forest Range recently?

(b) If so what is the action taken and who are the officers involved; and

(c) The charges against these officers for which action was taken?

Answer

(a) Yes.

(b) Shri M. Abdul Karim, Forester, and Sarvashri A.T. Govindan, P. Karunakaran and K. Mohanan, Forest Guards have been placed under suspension.

(c) They have been placed under suspension for non-detection of illicit felling and removal of timbers from vested Forests at Pookundu and Chandran Kunnu of Narikundu section of Aralam Range No. III.

വനം സംരക്ഷണവിഭാഗം ജീവനക്കാരുടെ മെമ്മോറാണ്ടം

505 [912] ശ്രീ. കെ.വി. സുരേന്ദ്രനാഥ്:

,, കെ.ടി. കുമാരൻ:

ഡോ. എ. സുബ്ബറാവു:

ശ്രീ. കെ.ഇ. ഇസ്മയിൽ:

,, കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) വനസംരക്ഷണവിഭാഗം (Forest Protection Force) ജീവനക്കാരുടെ അവശതകളെപ്പറ്റിയുള്ള മെമ്മോറാണ്ടം ഗവൺമെന്റ് പരിഗണനയിലെടുത്തുവോ;

(ബി) ഉണ്ടെങ്കിൽ എന്തു തീരുമാനമെടുത്തു;

(സി) അവരുടെ അവശതകളെ എന്തൊക്കെ അംഗീകരിക്കുകയുണ്ടായി:

(ഡി) എന്തൊക്കെ നിരാകരിച്ചു?

ഉത്തരം

(എ) പരിഗണനയിലെടുത്തു.

(ബി) എടുത്തിട്ടുള്ള തീരുമാനങ്ങൾ താഴെ (സി) യിലും (ഡി) യിലും വിവരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. വാർത്താ വിനിമയ സൗകര്യങ്ങൾക്കായി തേക്കടിയിൽ ഒരു വയർലെസ് സെറ്റു സ്ഥാപിച്ചു.

2. വനം വകുപ്പിലെ വാച്ചർമാർക്ക് രണ്ടു സെറ്റു യൂണിഫാറം അനുവദിച്ചിട്ടുണ്ട്.

3. ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫിനു ''ഫോറസ്റ്റ് സ്പെഷ്യൽ അലവൻസ്'' എന്നപേരിൽ ഒരു പ്രത്യേക അലവൻസ് അനുവദിച്ചിട്ടുണ്ട്.

4. സർവ്വീസിലിരിക്കെ കൊല്ലപ്പെടുന്ന ജീവനക്കാരുടെ അനന്തരാവകാശികൾക്ക് 15,000 രൂപ എക്സ്ഗ്രേഷ്യ അലവൻസായി നൽകാൻ ഉത്തരവായിട്ടുണ്ട്.

5. ഡെപ്യൂട്ടി റെയിഞ്ചർ, ഫോറസ്റ്റർ, ഗാർഡ്/വാച്ചർ എന്നീ വിഭാഗം ജീവനക്കാർക്ക് പ്രതിദിനം 9 രൂപ, 8 രൂപ, 7 രൂപ, എന്നീ ക്രമത്തിൽ ഡേ ഓഫ് അലവൻസ് അനുവദിച്ചിട്ടുണ്ട്.

6. പ്രൊട്ടക്റ്റീവ് സ്റ്റാഫിന്റെ യൂണിഫാറം പരിഷ്കരിച്ചുകൊണ്ടും എണ്ണം വർദ്ധിപ്പിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. അവരുടെ യൂണിഫാറം ടെറിക്കോട്ടൺ തുണിയിൽ നൽകുവാനും ഉത്തരവായിട്ടുണ്ട്.

7. ഡെപ്യൂട്ടി റെയിഞ്ചർമാരുടെ യൂണിഫാറം അലവൻസ് 150 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

8. വനസംരക്ഷണ ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉത്തരവായിട്ടുണ്ട്.

(ഡി) 1. സർക്കാരിനുണ്ടാകുന്ന നഷ്ടം ജീവനക്കാരിൽനിന്നും ഈടാക്കുന്ന ഇന്നത്തെ സംവിധാനം അവസാനിപ്പിക്കണമെന്നുള്ള ആവശ്യം ജീവനക്കാരുടെ കുറ്റകരമായ കൃത്യവിലോപംമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം അവരിൽനിന്നും ഈടാക്കാതിരിക്കാൻ കഴിയില്ല എന്ന കാരണത്താലും അനാവശ്യമായ സസ്പെൻഷൻ നടപടി ഉപേക്ഷിക്കണമെന്ന ആവശ്യം, തക്കതായ കാരണം കൂടാതെ ആരെയും സസ്പെൻഡ് ചെയ്യാറില്ല എന്ന കാരണത്താലും നിരസിച്ചിട്ടുണ്ട്.

2. ഫോറസ്റ്റർമാർക്ക് ഗ്രേഡ് നിർണ്ണയിച്ചതിൽ അപാകതകൾ ഉള്ളതായി പരാതിപ്പെട്ടുകൊണ്ട് അവ പരിഹരിക്കണമെന്ന ആവശ്യം ഉണ്ടായി. ഈ ആവശ്യം പരിശോധനക്കുശേഷം ഗവൺമെന്റ് നിരസിച്ചു.

ചാലക്കുടി, വാഴച്ചാൽ ഡിവിഷനിൽപ്പെട്ട വനത്തിലെ ആനകളുടെ എണ്ണം

506 [913] ശ്രീ. കെ.ജെ. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ചാലക്കുടി, വാഴച്ചാൽ എന്നീ ഡിവിഷനുകളിൽപ്പെട്ട വനത്തിൽ ഇപ്പോഴും എത്ര ആന ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം എന്നു പറയാമോ;

(ബി) ഈ കാട്ടിൽ ആനകളുടെ എണ്ണം കൂടുകയാണോ കുറയുകയാണോ എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly